# കേരള സർവകലാശാല

നം.പി.ആർ.236/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എഡ് ഫലം

കേരള സർവകലാശാല മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എഡ് (2015 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2017 ജനുവരി 10 വരെ ഓൺലൈനായി അപേക്ഷിക്കാം.

## മെഗാ പ്ലേസ്മെന്റ് ഫെയർ : രജിസ്ട്രേഷൻ ഇന്ന് (15.12.2016) അവസാനിക്കും

കേരള സർവകലാശാല പ്ലേസ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ നവംബർ 27-ന് നടത്താനിരുന്ന മെഗാ പ്ലേസ്മെന്റ് ഫെയർ 2017 ജനുവരി 14-ന് കാര്യവട്ടം കാമ്പസിൽ നടത്തും. നേരത്തെ നിഷ്കർഷിച്ചിരുന്ന കോളേജുകൾക്കും പഠനവകുപ്പുകൾക്കും പുറമെ കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകളിലെ അവസാന വർഷ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്കും ഫെയറിൽ പങ്കെടുക്കാം. താൽപര്യമുള്ളവർക്ക് സർവകലാശാലയുടെ പ്ലേസ്മെന്റ് പോർട്ടലിൽ (http://.placement.keralauniversity.ac.in) ഡിസംബർ 15 വൈകുന്നേരം നാല് മണിവരെ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാം. നേരത്തെ രജിസ്റ്റർ ചെയ്തവർ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതില്ല.

## കൗൺസലിംഗ് സൈക്കോളജി കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷാഫീസ് 100 രൂപ. കോഴ്സ് ഫീസ് 16500/- രൂപ. യോഗ്യത: ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം (കേരള സർവകലാശാല അംഗീകരിച്ചത്) കോഴ്സ് കാലാവധി ഒരു വർഷം. ക്ലാസ് ശനി, ഞായർ ദിവസങ്ങളിൽ. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ഡിസംബർ 23. താൽപര്യമുള്ളവർ പി.എം.ജിയിലെ സി.എ.സി.ഇ..ഇ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ. 0471-2302523.

## ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ്

കേരള സർവകാലശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നെടുമങ്ങാട് പനവൂർ മുസ്ലീം അസോസിയേഷൻ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. കോഴ്സ് കാലാവധി ആറ് മാസം. യോഗ്യത പ്ലസ് ടു/പ്രീഡിഗ്രി ജയം. കോഴ്സ് ഫീസ് 7500/- രൂപ. ക്ലാസ് ശനി, ഞായർ ദിവസങ്ങളിൽ. അപേക്ഷ കോളേജിലെ തുടർവിദ്യാഭ്യാസ യൂണിറ്റിൽ നിന്നും ലഭിക്കും. അപേക്ഷാഫീസ് 110 രൂപ. അവസാന തീയതി ഡിസംബർ 23. ഫോൺ. 0472-2867555, 7293973530.

## യൂണിറ്ററി എൽ.എൽ.ബി സൂക്ഷ്മപരിശോധന

കേരള സർവകലാശാല മേയിൽ നടത്തിയ മൂന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ഡിസംബർ 16 മുതൽ 23 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയുമായി വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് വരെയുള്ള സമയങ്ങളിൽ പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ ഹാജരാകണം.

## എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ ടൈംടേബിൾ

കേരള സർവകലാശാല ഡിസംബർ 16-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (മെന്റൽ റിട്ടാർഡേഷൻ) (2013 സ്കീം - സപ്ലിമെന്ററി - ഒരു വർഷ പരിപാടി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി കൗൺസലിംഗ് സൈക്കോളജി പ്രാക്ടിക്കൽ

കേരള സർവകലാശാല ഡിസംബർ ആറിന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എസ്സി കൗൺസലിംഗ് സൈക്കോളജി പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 19-ന് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിലും (www.keralauniversity.ac.in) കോളേജിലും ലഭിക്കും.

## ജൈവ ക്രിസ്മസ് കേക്ക് പരിശീലനം

കേരള സർവകലാശാല ഗാന്ധിയൻ പഠനകേന്ദ്രവും നാഷണൽ സർവ്വീസ് സ്കീമും സംയുക്തമായി വിവിധ തരം ജൈവ കേക്ക് നിർമ്മാണത്തിൽ ഡിസംബർ 20, 21 തീയതികളിൽ സൗജന്യ പരിശീലനം നടത്തുന്നു. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർവകലാശാല ഗാന്ധിയൻ പഠനകേന്ദ്രം സർട്ടിഫിക്കറ്റ് നൽകും. പി.എം.ജിയിലെ സർവകലാശാല സ്റ്റുഡന്റ് സെന്ററിൽ രാവിലെ 10 മണിമുതൽ നാല് മണിവരെയായിരിക്കും പരിശീലനം. താൽപര്യമുള്ളവർ കോ-ഓർഡിനേറ്റർ, കേരള സർവകലാശാല, ഗാന്ധിയൻ പഠനകേന്ദ്രം എന്ന വിലാസത്തിലോ 9447040831, 0471-2305663 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

## മെഡിക്കൽ നിയമവും മനുഷ്യാവകാശവും : പി.ജി ഡിപ്ലോമ കോഴ്സ്

കേരള സർവകലാശാല നിയമപഠനവകുപ്പിലെ ഡോ. ബി.ആർ അംബേദ്കർ ചെയറിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ നിയമവും മനുഷ്യാവകാശങ്ങളും എന്ന വിഷയത്തിൽ പുതുതായി ആരംഭിക്കുന്ന പി.ജി ഡിപ്ലോമ കോഴ്സിന്റെ ഉദ്ഘാടനം കണ്ണൂർ സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. പി. ചന്ദ്രമോഹൻ നിർവ്വഹിച്ചു. പത്മശ്രീ ഡോ.എ മാർത്താണ്ഡപിള്ള, ഡോ.എൻ കെ ജയകുമാർ, ഗവ. ലോ കോളേജ് പ്രിൻസിപ്പാൾ ഡോ. കെ.ആർ രഘുനാഥൻ, സ്കൂൾ ഓഫ് ബിസിനസ് മാനേജ്മെന്റ് ആൻഡ് ലീഗൽ സ്റ്റഡീസ് ഡയറക്ടറും ഡീനുമായ പ്രൊഫ. ഡോ. കെ.സി സണ്ണി, നിയമവകുപ്പ് മേധാവിയും മഹാത്മാഗാന്ധി സർവകലാശാല ഡീനും, അംബേദ്കർ ചെയറിന്റെ ഡയറക്ടറുമായ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, ശ്രീമതി ആൻതാനിയ അലക്സ് തുടങ്ങിയവർ പങ്കെടുത്തു.
(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)




**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
14.12.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**